Plant Engineer Mr. Bungara—Arrest of.

ശ്രീ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറു ദയാപൂർവ്വം മറുപടിയുണ്ടാകുമോ:—

(ക) ഹാർബറിൽ പ്ലാൻറ് എൻജിനീയരായിരുന്ന മിസ്റ്റർ ബങ്കാറയെ എറണാകുളം ടൌൺപോലീസ് അറസ്റു ചെയ്ത പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകുകയുണ്ടായൊ; ഉണ്ടായിരുന്നുവെങ്കിൽ അതു എന്നായിരുന്നുവെന്നും എപ്പോഴായിരുന്നുവെന്നും എവിടെവച്ചാണെന്നും പറയാമോ;

(ഖ) എത്ര കാൺസ്റ്റബിൾമാർക്കൂടിയാണു് അദ്ദേഹത്തെ പിടിച്ചതു്;

(ഗ) ഈ കാൺസ്റ്റബിൾമാർ അപ്പോൾ ആ അറസ്റു ചെയ്ത സ്ഥലത്തുണ്ടായിരുന്നവരൊ അതോ മിസ്റ്റർ ബങ്കാറയെ അനുഗമിച്ചിരുന്നവരോ;

(ഘ) മിസ്റ്റർ ബങ്കാറയെ അനുഗമിച്ചിരുന്നവരായിരുന്നുവെങ്കിൽ എവിടെനിന്നാണു് അനുഗമിച്ചിരുന്നതു്;

(ങ) അദ്ദേഹത്തെ പോലീസ്സ്റ്റേഷനിൽ കൊണ്ടുചെല്ലുന്ന സമയം ടൌൺ ഇൻസ്പെക്ടർ സ്റ്റേഷനിൽ ഹാജരുണ്ടായിരുന്നുവോ;

(ച) ആ സമയം സ്റ്റേഷനിൽ എത്ര കാൺസ്റ്റബിൾമാരും ഹെഡ് കാൺസ്റ്റബിൾമാരും ഉണ്ടായിരുന്നു;

(ഛ) അതിനുശേഷം എത്രപേർ സ്റ്റേഷനിൽ എത്തിച്ചേർന്നു;

(ജ) ആ സമയം അദ്ദേഹം പോലീസ്സ് സ്റ്റേഷനിലാണെന്നു് ഇവർ എല്ലാവരുംകൂടി അദ്ദേഹത്തെ മനസ്സിലാക്കിയില്ലേ;

(ഝ) ഇങ്ങനെ പ്രവൃത്തിക്കാൻ അദ്ദേഹത്തിൽ ആരോപിച്ച കുറ്റം എന്തായിരുന്നു;

(ഞ) അദ്ദേഹത്തെ ജാമ്യത്തിൽ വിടുക്കാൻ മിസ്റ്റർ വേഗസ്സ് വന്നിരുന്നില്ലേ;

(ട) അദ്ദേഹത്തെ മിസ്റ്റർ വേഗസ്സിന്റെ ജാമ്യത്തിൽ വിട്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ടു്;

(ഠ) പിന്നീടു് ആരുടെ ജാമ്യത്തിന്മേലാണു്, എപ്പോഴാണു് അദ്ദേഹത്തെ വിട്ടയച്ചതു്;

(ഡ) ജാമ്യത്തിനു ചെന്ന മിസ്റ്റർ വേഗസ്സിനെ ടൌൺ ഇൻസ്പെക്ടർ അശ്ലീലമായ ഭാഷയിൽ ശകാരിക്കുകയും, കാൺസ്റ്റബിൾമാരെക്കൊണ്ടു പിടിച്ചു പുറത്താക്കിക്കുകയൊ ഉണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനുണ്ടായ കാരണമെന്തു്;

LIBRARY ARCHIVES Kerala Legislative Assembly

(ക്ര) പോലീസ്സ് ബന്തവസ്സിൽ ഇരുന്നിരുന്ന അദ്ദേഹം ഹോട്ടൽ ടെർമിനസ്സിൽനിന്നു ഭക്ഷണം വരുത്തിക്കൊടുക്കണമെന്നാവശ്യപ്പെട്ടതു് ഇൻസ്പെക്ടർ തീരെ നിരസിക്കുകയും, തൻമൂലം അദ്ദേഹം ഭക്ഷണം കഴിക്കാതിരിക്കുകയും ഉണ്ടായില്ലേ;

(ക്ര) ഡിസ്ട്രിക്ട് മജിസ്ട്രേട്ടവർകൾ സ്റ്റേഷനിൽ വന്നതിന്നു ശേഷം ഹോട്ടൽ ടെർമിനസ്സിൽനിന്നു ഭക്ഷണം വരുത്തിക്കൊടുപ്പാൻ ആജ്ഞാപിച്ചില്ലേ;

(ക്രന്ന) ആ ഹോട്ടലിൽനിന്നു ഭക്ഷണം കൊണ്ടുവന്നതിന്നു ശേഷമല്ലേ അദ്ദേഹം ഭക്ഷണം കഴിച്ചതു്;

(ക്ര) എത്ര സമയം അദ്ദേഹം ഭക്ഷണം കഴിക്കാതിരുന്നു;

(ക്രവ) അറസ്റ്റ് ചെയ്യുന്ന സമയം പ്രതിയുടെ പക്കൽ എന്തെല്ലാം മുതലുകൾ ഉണ്ടായിരുന്നു;

(ക്രൻ) ഈ അറസ്റ്റിനു മുമ്പു് അദ്ദേഹത്തിന്റെ വസതിക്കടുത്തുവെച്ചു് ഒരു വലിയ പോലീസ്സ് ഉദ്യോഗസ്ഥനും അദ്ദേഹവും തമ്മിൽ വല്ല കശപിശയും ഉണ്ടായിട്ടുണ്ടോ;

(൨൦) ഉണ്ടായിട്ടുണ്ടെങ്കിൽ അതു ഏതുദ്യോഗസ്ഥനായിരുന്നുവെന്നും എന്നായിരുന്നുവെന്നും എപ്പോഴായിരുന്നുവെന്നും കാരണം എന്തായിരുന്നുവെന്നും പറയാമോ;

(൨ക്ര) ഈ അറസ്റ്റിനു മുമ്പു് ടൌൺ പോലീസ്സ് മിസ്റ്റർ ബങ്കാറയെ അദ്ദേഹത്തിന്റെ വസതിയിൽ വേഷച്ഛിഹ്നരായി ചെന്നു് അദ്ദേഹത്തെ പുറത്തേക്കു വരുത്താൻ ശ്രമിക്കുകയുണ്ടായിട്ടുണ്ടോ;

(൨൨) എത്ര ദിവസം പോലീസ്സ് അദ്ദേഹത്തെ എസ്കോർട്ട് ചെയ്തതിന്നു ശേഷമാണു് അറസ്റ്റ് ചെയ്യാൻ സാധിച്ചതു്;

(൨൩) ആ വക സംഗതികളും ഈ അറസ്റ്റും തമ്മിൽ വല്ല ബന്ധവുമുണ്ടോ;

(൨൪) ക്രക്രക്ര-ൽ കൊച്ചീരാജ്യത്തു ഇതുപോലെയുള്ള അറസ്റ്റുകൾ അതെ എത്രയുണ്ടായിട്ടുണ്ടു്;

(൨൫) ഒരു പോലീസ്സ് ഉദ്യോഗസ്ഥനും മിസ്റ്റർ ബങ്കാറയും തമ്മിൽ അദ്ദേഹത്തിന്റെ വസതിക്കടുത്തുവെച്ചു് ഉണ്ടായി എന്നു പറയുന്ന കശപിശ ദിവസവും അദ്ദേഹത്തെ അറസ്റ്റുചെയ്ത ദിവസവും പോലീസ്സ് കമ്മീഷണരവർകൾ എറണാകുളത്തുണ്ടായിരുന്നുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.—

(ക്ര) മിസ്റ്റർ ബങ്കാറയെ എറണാകുളം ടൌൺപോലീസ്സ് അറസ്റ്റുചെയ്തു പോലീസ്സ് സ്റ്റേഷനിൽ കൊണ്ടുപോകുകയുണ്ടായിട്ടുണ്ടു്. ക്രക്രക്ര മിനം ൨൪-ാംനു- രാത്രി ക്ര-൨൫ നു് എറണാകുളം ടൌൺ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റേഷന്റെ മുൻഭാഗമുള്ള റോഡിൽ പോലീസ് സ്റ്റേഷന്റെ തെക്കുഭാഗത്തുവച്ചാണ് അറസ്റ്റു ചെയ്തത്.

(൨) ഒരു കാൺസ്റ്റബിൾ മാത്രം.

(൩) രണ്ടുമല്ല. കാൺസ്റ്റബിൾ ഊണുകഴിഞ്ഞു സ്റ്റേഷനിലേക്കു വരുമ്പോഴാണ് അറസ്റ്റു ചെയ്യുവാനിടയായത്.

(൪) ഉത്തരം ആവശ്യമില്ല.

(൫) ഇല്ല.

(൬) ൧൧ കാൺസ്റ്റബിൾമാരും ഒരു ഹെഡ് കാൺസ്റ്റബിളും ഡ്യൂട്ടിയിലുണ്ടായിരുന്നു.

(൭) ചോദ്യം വിശദമല്ലാത്തതുകൊണ്ട് ഉത്തരം പറയുവാൻ നിവൃത്തിയില്ല.

(൮) ടിയാൻ മദ്യപിച്ചിരുന്നതുകൊണ്ട് മനസ്സിലായോ എന്നു പറയാൻ നിവൃത്തിയില്ല.

(൯) അറസ്റ്റു ചെയ്യാനുള്ള കാരണം ടിയാനും ഒരു റിക്ഷാവണ്ടിക്കാരനും മദ്യപിച്ച് റോഡിൽവെച്ച് തമ്മിൽ വഴക്കുണ്ടാക്കിയതാണ്.

(൧൦) ഉവ്വ്, പിറ്റെ ദിവസം രാവിലെ.

(൧൧) ഇല്ല, ടിയാൻ ജാമ്മ്യത്തിൽ പോകുന്നില്ലെന്നു പറഞ്ഞു ജാമ്മ്യക്കച്ചീട്ടിൽ ഒപ്പിടാൻ വിസമ്മതിക്കുകകൊണ്ട്.

(൧൨) ആരുടെ ജാമ്മ്യത്തിലും വിട്ടില്ല.

(൧൩) അപ്രകാരം ഉണ്ടായിട്ടില്ല.

(൧൪) ഇല്ല.

(൧൫) ഇല്ല.

(൧൬) അല്ല.

(൧൭) രാത്രി ൧൧-൩൰-ന് അറസ്റ്റ് ചെയ്ത ശേഷം പിറ്റേദിവസം കാലത്തുവരെ ഭക്ഷണം കഴിച്ചിട്ടില്ല.

(൧൮) താഴെപറയുന്ന സാധനങ്ങൾ ഉണ്ടായിരുന്നു.

West end Pocket Watch കറുത്ത ചരട് കെട്ടിയത്	൧
തക്കോൽ	൧
സിഗരറ്റുപെട്ടി	൧
മുഴുവൻ രൂപ	൩
കാൽരൂപ	൩
നിക്കൽ രണ്ടണനാണ്യം	൪
ഒറ്റണനാണ്യം	൨

LIBRARY ARCHIVES Kerala Legislative Assembly

കാലണ നാണ്യം ക
ഒറച്ചില്ലി ക
തുകൽ പണസഞ്ചി ക
കടലാസുകഷണം കഛ
"Fancy Fan" എന്നെഴുതിയ ടിക്കറ്റ് ക
ഹോട്ടൽ ടെർമിനസ്സ് ബിൽ ക
അലക്കിമുഷിഞ്ഞ ചുവന്ന ഷർട്ട് ക

(ക്ഷ) ഇല്ല.

(കഠ) ഉത്തരം ആവശ്യമില്ല.

(കക) ഇല്ല.

(കഛ) ചോദ്യം മനസ്സിലാകുന്നില്ല.

(കന) ഉത്തരം ആവശ്യമില്ല.

(കര) ആകെ നന്നൂറ Nuisance കേസ്സുകളുണ്ടായിട്ടുണ്ട്. എത്ര അറസ്റ്റുകൾ ഉണ്ടായിട്ടുണ്ടെന്ന തീർച്ചയായി പറവാൻ സമയച്ചുരുക്കത്താൽ സാധിച്ചിട്ടില്ല.

(കഉ) അറസ്റ്റുചെയ്ത ദിവസം പകൽ കമ്മീഷണർ എറണാകുളത്തുണ്ടായിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— സബ്ബ് ഡിവിഷൻ ൭, പിന്നീട് അന്ന രാത്രി പോലീസ് ഇൻസ്പെക്ടർ സ്റ്റേഷനിൽ വരുകയുണ്ടായോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— നോട്ടീസുവേണം.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി (*Anthikad*).— മിസ്റ്റർ ബങ്കാറയുടെ വീട് എവിടെയാണ്?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— അയാൾക്ക സ്വന്തമായി വീടുണ്ടോ എന്ന നിശ്ചയമില്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി (*Anthikad*).— അതു് അന്വേഷിച്ചിട്ടില്ലേ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).—ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ (*Wadakkancheri*).—ആ സമയം അദ്ദേഹം പോലീസ് സ്റ്റേഷനിലാണെന്ന് ഇവരെല്ലാവരുംകൂടി അദ്ദേഹത്തെ മനസ്സിലാക്കുകയുണ്ടായോ എന്നുള്ള ചോദ്യത്തിന് അദ്ദേഹം മദ്യപിച്ചിരുന്നതിനാൽ മനസ്സിലായോ എന്ന നിശ്ചയമില്ല എന്നാണ് മറുപടി പറഞ്ഞിരിക്കുന്നതു്. ഈ ചോദ്യത്തിന്റെ താല്പര്യമെന്താ

LIBRARY ARCHIVES Kerala Legislative Assembly

ണെന്ന ഗവമ്മെൻറു മനസ്സിലാക്കിട്ടാണോ ഇങ്ങിനെ മറുപടി പറഞ്ഞിരിക്കുന്നത്?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— അയാൾ മദ്യപിച്ചിരുന്നതുകൊണ്ട് എത്രത്തോളം പറഞ്ഞിട്ടും സ്റ്റേഷനിലാണെന്നുള്ളതു മനസ്സിലായിരിക്കാൻ ഇടയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ *(Wadakkancheri)*.— അതു സ്റ്റേഷൻ കെട്ടിടത്തിൽവച്ചായിരുന്നതുകൊണ്ടാണോ ഇങ്ങിനെ മറുപടി പറഞ്ഞിരിക്കുന്നത്?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— അങ്ങിനെ മറുപടി പറയുന്ന സമ്പ്രദായം പണ്ടും ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അതിനു ശേഷം എത്രപേർ സ്റ്റേഷനിൽ എത്തിച്ചേർന്നു? അന്നു രാത്രിയിൽ.

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.—അതിനുള്ള ഉത്തരമാണു പറഞ്ഞിരിക്കുന്നത്.

മിസ്റ്റർ വി. കെ. കുട്ടി *(Muslims)*.— അദ്ദേഹത്തെ നൂസൻസ് കേസിൽ ശിക്ഷിച്ചുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— ഉവ്വ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അദ്ദേഹത്തെ പോലീസ് സ്റ്റേഷനിൽ കൊണ്ടുചെന്നതിനു ശേഷം എത്ര കാൺസ്റ്റബിൾമാർ അവിടെ എത്തിച്ചേർന്നുവെന്നാണു ചോദിച്ചിട്ടുള്ളത്?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— ആറാം ചോദ്യത്തിൽ ആ സമയം സ്റ്റേഷനിൽ എത്രയാളുകളുണ്ടായിരുന്നുവെന്നാണ്. അതിനുശേഷം എത്രപേർ എത്തിച്ചേർന്നുവെന്നു ചോദിച്ചിട്ടുള്ളതു ആരെ ഉദ്ദേശിച്ചാണെന്നു മനസ്സിലായിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അതിനു ശേഷം എത്ര കാൺസ്റ്റബിൾമാർ സ്റ്റേഷനിൽ വന്നു?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— ഡ്യൂട്ടി കഴിഞ്ഞു മടങ്ങി വന്നവരുണ്ടാകും. അതു എത്രപേരാണെന്നു പെട്ടെന്നു പറയുവാൻ സാധിക്കയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— രാത്രിയിൽ ഇൻസ്പെക്ടർ സ്റ്റേഷനിൽ വന്നുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police.)*.—അതിനുള്ള ഉത്തരം മുമ്പു പറഞ്ഞുകഴിഞ്ഞു.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— ആ റിക്ഷാ വണ്ടിക്കാരൻ മദ്യപിച്ചിരുന്നുവോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police.*)— ഉവ്വ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— അദ്ദേഹം അന്നു രാത്രിയിൽ ഭക്ഷണം കഴിച്ചുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police.*)— രാത്രി ഫ്ര-ഒ ന് അറസ്റ്റു ചെയ്തതിനുശേഷം പിറേറദിവസം കാലത്തുവരെ ഭക്ഷണം കഴിച്ചിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— മിസ്റ്റർ വേഗസ്സ് ഹോട്ടൽ ടെർമിനസ്സിലെ മാനേജരാണോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— അദ്ദേഹം പിറേറദിവസം രാവിലെ വന്നതു് ഹോട്ടൽ ടെർമിനസ്സിൽ നിന്നാണെന്നുമാത്രം അറിയാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— അദ്ദേഹത്തിന്റെ ജാമ്യത്തിൽ വിടാതെ മിസ്റ്റർ ബങ്കാറയെ ചാർജ്ജുചെയ്തുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner Police*) — ജാമ്യത്തിൽ പോകാൻ മനസ്സില്ലെന്നു പറഞ്ഞതിനാൽ ചാർജ്ജുചെയ്തു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ശിക്ഷ കഴിയുന്നതുവരെ മിസ്റ്റർ വേഗ്സ് സ്റ്റേഷനിലുണ്ടായിരുന്നുവോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police.*)— ഉണ്ടായിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അവർകൾ അന്നേദിവസം സ്റ്റേഷനിൽ വന്നിരുന്നതായി അറിവുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— നോട്ടീസുവേണം.

മിസ്റ്റർ എം. വി. ചെറിയാൻ (*Mattancheri South*).— ഈ ബങ്കാറ എന്തു ജാതിക്കാരനാണ്?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*) —അങ്ങിനെ ഒരു ജാതി ഉണ്ടോ എന്നു നിശ്ചയമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— മിസ്റ്റർ ബങ്കാറ എറണാകുളത്തു എവിടെയാണു താമസിച്ചിരുന്നതു്?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— പെരുമാനൂർ ഭാഗത്തായിട്ടാണെന്നാണു തോന്നുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— അതിനു തൊട്ടു് അയൽപക്കത്തു താമസിച്ചിരുന്നതു് ആരായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. എൽ. ഡേവസ്സി *(Commissioner of Police)*.— അനേഷിക്കാതെ പറയുവാൻ നിവൃത്തിയില്ല.

Resolution —All Cochin Co-operative Conference—Orders on.

75. Mr. T. C. Iyyukutty *(Pazhanji)*.—Will the Government be pleased to state whether any orders have been passed on the resolutions passed in the All Cochin Co-operative Conference held at Nemmara recently?

Mr. K. Narayana Menon *(Registrar of Co-operative Societies)*.—They are under the consideration of the Government.

Mr. President.—Tomorrow being Amavasi the Council will begin at 12 noon and there will be no questions and answers.

Mr. P. Kumaran Ezhuthassan *(Wadakkancheri)*.—In that case, Sir, at least some questions if not all intended for tomorrow may be incluced in Friday's questions and answers.

Mr. President.—That will be considered by the Secretary to Government.

The Cochin Municipal Bill (Contd.)

Mr. President.—The motion before the House is that clause 67 stand part of the Bill.

Mr. Thomas Manjuran *(Government Advocate and Law Officer)*.—I wish to say a few words in order to clarify the position of Government. There are a series of amendments relating to companies tax and profession tax. This is a subject over which there has been some controversy and I hope Hon'ble Members will understand what exactly is the position of Government which happens to be somewhat divergent. According to the Bill as reported by the Select Committee both the profession tax and companies tax are retained in section 67 (1). Now with regard to companies tax of late there were some practical difficulties and as a result the schedule to our Municipal Act which deals with the companies tax had to

LIBRARY ARCHIVES Kerala Legislative Assembly